"ഭരണഭാഷ – മാതൃഭാഷ"

പുറത്തെഴുത്ത് കത്ത് നമ്പർ
എച്ച്1/5917/2021/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 07/10/2021

******************

സർക്കാർ ഉത്തരവിന്റെ പകർപ്പ് താങ്കളുടെ അറിവിലേക്കും അനന്തര നടപടികൾക്കുമായി ഇതോടൊപ്പം അയയ്ക്കുന്നു.

Signature Not Verified

Digitally signed by
SANTHOSH C A
Date: 2021.10.07
10:36:49 IST
Reason: Approved

SANTHOSH C A
ADDITIONAL DIRECTOR(GEN)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

സ്വീകർത്താക്കൾ
1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും
2. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും
3. എല്ലാ പ്രധാനാദ്ധ്യാപകരും (ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

പകർപ്പ്
വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, പൂജപ്പുര (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ്- കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ 2021-22 അദ്ധ്യയന വർഷം സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപക-രക്ഷാകർത്തൃ സമിതി രൂപീകരണത്തിനായുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (ജി) വകുപ്പ്

സ.ഉ.(സാധാ) നം.4439/2021/പൊ.വി.വ തീയതി,തിരുവനന്തപുരം, 06/10/2021

---

പരാമർശം:-

1. 25.06.2007 ലെ സ.ഉ (കൈ)നമ്പർ 126/2007/പൊവിവ നമ്പർ സർക്കാർ ഉത്തരവ്.
2. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 09.06.2021, 02.09.21 തീയതി കളിലെ എച്ച് 1/5917/2021/ഡി.ജി.ഇ നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായാണ് സംസ്ഥാനത്തെ ഗവണ്മെന്റ്/എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക രക്ഷാകർതൃസമിതി പ്രവർത്തിച്ചു വരുന്നത്. ആയതു പ്രകാരം പി.ടി.എ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ കാലാവധി, തിരഞ്ഞെടുക്കപ്പെട്ടത് മുതൽ തൊട്ടടുത്ത വർഷത്തെ എക്സിക്യൂട്ടീവ് കമ്മിറ്റി തിരഞ്ഞെടുപ്പ് നടക്കുന്ന ദിവസം വരെയായിരിക്കും. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ 2020-21 അധ്യയന വർഷം സ്കൂളുകൾ തുറക്കാതിരുന്നതിനാൽ 2019-20 അധ്യയന വർഷം തിരഞ്ഞെടുക്കപ്പെട്ട പി.ടി.എ കമ്മിറ്റി തന്നെയാണ് 2020-21 ലും തുടർന്ന് വന്നിരുന്നത് എന്നും, നിലവിൽ സ്കൂളുകൾ തുറക്കാതെ ഓൺലൈൻ ക്ലാസ്സുകളെ ആശ്രയിച്ച് 2021-22 അധ്യയന വർഷവും ആരംഭിച്ച സാഹചര്യത്തിൽ കാലാവധി കഴിഞ്ഞ പി.ടി.എ കമ്മിറ്റി വീണ്ടും തുടരുന്നത് ഉചിതമല്ല എന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർ അറിയിക്കുകയുണ്ടായി. അതിനാൽ അദ്ധ്യാപക രക്ഷാകർത്തൃ സമിതിയുടെ രൂപീകരണവുമായി ബന്ധപ്പെട്ട് നിലവിലെ സാഹചര്യത്തിൽ നൽകാവുന്ന നിർദ്ദേശങ്ങൾ സംബന്ധിച്ച ശിപാർശ പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 2021-22 അദ്ധ്യയന വർഷം സംസ്ഥാനത്തെ ഗവണ്മെന്റ്/എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക രക്ഷാകർത്തൃ സമിതിയുടെ (Parent Teachers Association- PTA) രൂപീകരണം സംബന്ധിച്ച് താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1. പി.ടി.എ ജനറൽ ബോഡി ഓൺലൈൻ ആയി ചേർന്ന് ഭാരവാഹികളെ തിരഞ്ഞെടുക്കണം.
2. ഇത്തരത്തിൽ തെരെഞ്ഞടുപ്പ് നടത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യങ്ങളിൽ ഓൺലൈൻ ആയി ജനറൽ ബോഡി ചേർന്ന് ഒരു അഡ്ഹോക്ക് കമ്മിറ്റിയെ തിരഞ്ഞെടുക്കേണ്ടതാണ്.
3. സൂചന(1)ലെ സർക്കാർ ഉത്തരവ് പ്രകാരം ഹയർസെക്കണ്ടറി സ്കൂളുകളിൽ പ്ലസ് വൺ പ്രവേശനം പൂർത്തിയായി ഒരു മാസത്തിനുള്ളിൽ ജനറൽ ബോഡി ചേരേണ്ടതുള്ളതിനാൽ നിലവിൽ ഹയർ സെക്കന്ററി സ്കൂളുകളിൽ അഡ്ഹോക്ക് കമ്മിറ്റിയെ തെരഞ്ഞെടുക്കേണ്ടതാണ്.
4. ഹയർസെക്കന്ററി സ്കൂളുകളിലെ സാഹചര്യം കൂടി കണക്കിലെടുത്ത് എല്ലാ സ്കൂളുകളിലും അഡ്ഹോക്ക് കമ്മിറ്റി രൂപീകരിക്കുന്നതിനായി അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ. നന്ദകുമാർ

**അഡീഷണൽ സെക്രട്ടറി**

പൊതുവിദ്യാഭ്യാസ (ഹയർ സെക്കന്ററി), വൊക്കേഷണൽ ഹയർ സെക്കന്ററി) ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ &പബ്ലിക് റിലേഷൻ വകുപ്പ്

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫസർ